**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2750** **24-02-2026 - ൽ മറുപടിയ്ക്ക്**

**പിന്നാക്ക ക്ഷേമ വികസന വകുപ്പിലെ തസ്തികകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു. എ. ലത്തീഫ് | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന പിന്നാക്ക ക്ഷേമ വകുപ്പിന് നിലവിൽ എത്ര ഓഫീസുകൾ ഉണ്ട്; പ്രസ്തുത ഓഫീസിൽ ജോലി ചെയ്യുന്ന സ്ഥിരം/താത്കാലിക ജീവനക്കാരുടെ കണക്കുകൾ ലഭ്യമാക്കാമോ; | (എ) | പിന്നാക്ക വിഭാഗ വികസന വകുപ്പിന് നിലവിൽ ഡയറക്ടറേറ്റും 4 മേഖലാ കാര്യാലയങ്ങളും സഹിതം ആകെ 5 ഓഫീസുകളാണുള്ളത്. പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറേറ്റിലും വിവിധ മേഖലാ ഓഫീസിലുകളിലുമായി 29 സ്ഥിരം ജീവനക്കാരും 3 താത്കാലിക ജീവനക്കാരും ജോലി ചെയ്യുന്നുണ്ട്. |
| (ബി) | സംസ്ഥാനത്ത് നിലവിൽ പിന്നാക്ക വിഭാഗത്തിൽപ്പെട്ട ജനവിഭാഗം എത്ര ശതമാനം ഉണ്ടെന്നുള്ള കണക്കുകൾ ലഭ്യമാക്കാമോ; | (ബി) | ജാതി സെൻസസ് നടത്തിയതിന് ശേഷം മാത്രമേ സംസ്ഥാനത്ത് നിലവിൽ പിന്നാക്ക വിഭാഗത്തിൽപ്പെട്ട ജനവിഭാഗം എത്ര ശതമാനം ഉണ്ടെന്നുള്ള കണക്കുകൾ കണ്ടെത്താൻ കഴിയുകയുള്ളൂ. |
| (സി) | സംസ്ഥാനത്ത് പിന്നാക്ക വിഭാഗത്തിൽപ്പെട്ട എത്ര സർക്കാർ ജീവനക്കാർ ഉണ്ടെന്ന് കണക്കുകൾ ലഭ്യമാക്കുമോ; | (സി) | സർക്കാർ വകുപ്പുകൾ / സർക്കാർ നിയന്ത്രിത സ്ഥാപനങ്ങൾ തുടങ്ങിയവയിലെ സ്ഥിരം ജീവനക്കാരുടെ എണ്ണം കണ്ടെത്താനുതകുന്ന തരത്തിലുള്ള **e-CDESK** (e-Caste Database of Employees in Service Kerala) എന്ന വെബ്പോർട്ടലിൽ വിവിധ സർക്കാർ വകുപ്പുകളിലെയും, സർക്കാർ നിയന്ത്രിത സ്ഥാപനങ്ങളിലെയും നോഡൽ ഓഫീസർമാരെ നിശ്ചയിച്ച് അപ്‌ലോഡ് ചെയ്തു വരുന്നു. |
| (ഡി) | പിന്നാക്ക വിഭാഗ വകുപ്പിനെ സംബന്ധിച്ച് സർക്കാർ നടത്തിയ സ്റ്റഡി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പുതിയ തസ്തികൾ അനുവദിക്കാൻ തത്വത്തിൽ തീരുമാനം എടുത്തിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ? | (ഡി) | പിന്നാക്ക വിഭാഗ വകുപ്പിനെ സംബന്ധിച്ച് സ്റ്റഡി റിപ്പോർട്ട് അനുസരിച്ച് പുതിയ തസ്തികകൾ അനുവദിക്കുന്നത് ഉൾപ്പെടെയുള്ള വിഷയങ്ങൾ സർക്കാർ പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ